**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**MJSSA HEAD QUARTERS & CAMPSITE,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 9446138868


**Circular No.: M/C/03/2026**

**04.02.2026**

# ജെ.എസ്.വി.ബി.എസ്. 2026

*ചിന്താവിഷയം :-*

## *"ശോഭയും കാന്തിയും അണിയുക"* ഇയ്യോബ് 40:9

## "Glory and Beauty"(Job 40:9)

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ. മദ്ധ്യവേനൽ അവധിക്കാലത്ത് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി അറുനൂറിൽപരം കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾക്ക് വി.ഗ്രന്ഥാടിസ്ഥാനത്തിൽ ധാർമ്മികമൂല്യങ്ങൾ ജീവിതത്തിൽ വളർത്തുന്നതിന് ഉതകുന്ന ആത്മീയ വിദ്യാഭ്യാസ സംരംഭമാണ് ജേക്കബൈറ്റ് സിറിയൻ വെക്കേഷൻ ബൈബിൾ സ്കൂൾ.

JSVBS 1-ാം വർഷ സിലബസ്സ് **Beginners** (ശിശു - 4, 5, 6 വയസ്സ്), **SubJuniors** (ബാല -7, 8, 9 വയസ്സ്) **Juniors** (കൗമാര- 10, 11, 12 വയസ്സ് ) **Seniors** (ജ്യേഷ്ഠ - 13 വയസ്സിനു മുകളിൽ) എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി തിരിച്ച് 8 ദിവസത്തെ പാഠഭാഗങ്ങൾ 4 ദിവസങ്ങളിലായി അവസാനിക്കുന്ന വിധമാണ് ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ JSVBS കേന്ദ്രങ്ങളിലും MJSSA തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ, ധ്യാനസഹായി, പാട്ടുപുസ്തകം എന്നിവ മാത്രം ഉപയോഗിക്കേണ്ടതാണ്. ഇവ പ്രിന്റ് ചെയ്യുന്നതിനോ വിൽക്കുന്നതിനോ മറ്റാർക്കും അവകാശമില്ലാത്തതും ഇതിന്റെ പകർപ്പവകാശം MJSSA യ്ക്കു മാത്രമായിരിക്കും. MJSSA യുടെ അംഗീകാരം ഇല്ലാത്ത പാട്ടുകളോ പുസ്തകങ്ങളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ മേൽനടപടികൾക്ക് വിധേയമാകേണ്ടിവരുമെന്ന് അറിയിക്കുന്നു.

### ധ്യാനസഹായി

"**ശോഭയും കാന്തിയും അണിയുക.**" (ഇയ്യോബ് 40:9) എന്ന ചിന്താവിഷയം ഈ വർഷത്തെ JSVBS ലൂടെ കുഞ്ഞുങ്ങളിലേയ്ക്ക് പകരുവാൻ നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം. JSVBS ന് ആവശ്യമായ ധ്യാനസഹായി തയ്യാറാക്കി MJSSAയിൽ നിന്നും ലഭ്യമാകുവാൻ തക്ക വണ്ണം ക്രമീകരിച്ചുവരുന്നു.

### സംഗീതവിഭാഗം

എക്സിക്യൂട്ടീവ് അംഗം ശ്രീ.റോയി തോമസിന്റെ നേതൃത്വത്തിലും സഹകരണത്തിലും അദ്ധ്യാപകരിൽ നിന്നും ലഭിച്ച വിവിധ ഭാഷ കളിലെ പാട്ടുകൾ ഉൾക്കൊള്ളിച്ച് ശ്രീ. ബിജു ജോൺ മണ്ണത്തൂരിന്റെ സംഗീതവിഭാഗത്തിന്റെ പ്രവർത്തനത്തോടൊപ്പം പാട്ട് പുസ്തകവും പൂർത്തിയായിവരുന്നു.

### ഡേ ഓഫ് ഗിവിംഗ്

വി.യോഹന്നാൻ 15:12 "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം." MJSSA യുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രധാന വരുമാന സ്രോതസ് JSVBS- Day of Giving ലൂടെയാണ്. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ അനുസരിച്ച് ഒരു കോടിയിൽപരം രൂപ ഈ ഇനത്തിൽ ലഭിക്കുകയും, 1 കോടി 10 ലക്ഷത്തോളം വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു. 2024-25 വർഷങ്ങളായി വിദ്യാഭ്യാസ ധനസഹായമായി 7 കുട്ടികൾക്ക് 2 ഗഡുക്കളായി 7 ലക്ഷം രൂപയും 25-26 ലെ കുട്ടികൾക്ക് ആദ്യവർഷം 50,000 രൂപ വീതം 3.50 ലക്ഷം രൂപയും നൽകി സഹായിക്കുവാൻ ഡേ ഓഫ് ഗിവിംഗ് തുക മുഖാന്തിരമായി. നിങ്ങളേവരുടേയും നിസ്വാർത്ഥമായ പ്രവർത്തനവും പ്രാർത്ഥനയും സഹകരണവുമാണ് 14 കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം നൽകുവാൻ സാധ്യമാക്കിയത്.

കഷ്ടതയും രോഗവും നേരിടുന്ന നമ്മുടെ സഹപ്രവർത്തകരേയും കുട്ടികളേയും ചേർത്തു നിർത്തുവാനും ദുരിതങ്ങളിലും ദുഃഖങ്ങളിലും കൈത്താങ്ങാകുവാൻ ഈ നാളുകളിൽ JSVBS- Day of Giving മുഖാന്തിരമായി തീർന്നിട്ടുണ്ട്. MJSSA ഏറ്റെടുത്തിട്ടുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾ തുടർച്ചയായി കൊണ്ടുപോകുവാൻ ഈ വർഷത്തെ തുക പരമാവധി സമാഹരിച്ച് നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ചില സെന്ററുകളിൽ സമാഹരിക്കുന്ന തുകകൾ MJSSA യിൽ ഏൽപ്പിക്കാതെ മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതായി അറിയുന്നു. ഈ പ്രവണത മാറ്റി JSVBS Day of Giving തുക പൂർണ്ണമായും MJSSA യിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും പരസ്പരം പങ്കുവെയ്ക്കലിന്റെ അവസരമാണ് JSVBS നൽകുന്നത്. "സന്തോഷത്തോടെ കൊടുക്കുന്നവനെയാകുന്നു ദൈവം സ്നേഹിക്കുന്നത്." (2കൊരി.9:7)

പാഠ്യപദ്ധതിയോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങൾക്കും എം.ജെ.എസ്.എസ്.എ. പ്രാധാന്യം കൊടുക്കുന്നു. സാമ്പത്തീകമായി പിന്നോക്കമുള്ള അദ്ധ്യാപകർക്ക് 1000 രൂപ പ്രതിമാസ പെൻഷനും നൽകി വരുന്നതിനൊപ്പം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന

*മറുപുറം*

അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ചികിത്സാസഹായവും വീടില്ലാത്ത നിർദ്ധനരായവർക്ക് ഭവന നിർമ്മാണസാമ്പത്തികസഹായവും നൽകുവാൻ സാധിക്കുന്നത് ബഹുമാന്യരായ സഹപ്രവർത്തകരുടേയും പ്രിയപ്പെട്ട കുഞ്ഞുങ്ങളുടേയും സ്നേഹമുള്ള മാതാപിതാക്കളുടേയും നിർലോഭമായ സഹായസഹകരണത്തിലൂടെയാണ്. ആയതിനാൽ JSVBS കഴിഞ്ഞാൽ എത്രയും വേഗം തന്നെ Day of Giving ൽ നിന്ന് ലഭിച്ച തുക കേന്ദ്രഓഫീസിൽ നേരിട്ട് ഏല്പിക്കുകയോ MJSSA യുടെ പേരിൽ ഫെഡറൽ ബാങ്ക് പുത്തൻകുരിശ് ശാഖയിൽ **SB A/c No. 12230100086304 (IFS Code FDRL0001223)** ലോ, MJSSA യുടെ പേരിൽ യൂണിയൻ ബാങ്ക് പുത്തൻകുരിശ് ശാഖയിൽ **SB A/c No. 338802010007553 (IFS Code UBIN0533882)** ലോ അടച്ച് വിവരം അറിയിച്ച് രസീത് കൈപ്പറ്റേണ്ടതാണ്. MJSSA യുടെ ജീവകാരുണ്യപ്രവർത്തനത്തെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നതോടൊപ്പം നാളിതുവരെ ചെയ്തിട്ടുള്ള എല്ലാ സഹായസഹകരണങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു.

JSVBS ൽ പങ്കാളികളാകുന്ന കുഞ്ഞുങ്ങളുടെ സന്തോഷത്തിനും ആഹ്ളാദത്തിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമ്പോൾ തന്നെ Day of Giving ൽ അവർ നല്കുന്ന സംഭാവനകൾ ജീവകാരുണ്യ പ്രവർത്തനത്തിലൂടെ MJSSA നടത്തുന്ന വലിയ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. പ്രിയപ്പെട്ട JSVBS പ്രവർത്തകരുടെ ആത്മാർത്ഥമായ സഹായസഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുവാൻ താല്പര്യപ്പെടുന്നു. MJSSA യുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 2026 JSVBS അധ്യാപക പരിശീലന ക്ലാസ്സും, ഗാനപരിശീലനവും

| | | |
|---|---|---|
| **മദ്ധ്യ മേഖല**<br>**2026 മാർച്ച് 14 ശനി** | 9.00 a.m.മുതൽ<br>4.00 p.m.വരെ | **എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്.**<br>**കൺവീനർ – ശ്രീ. പി.വി. ജേക്കബ്ബ്**<br>Mob. : **9496461868** |
| **വടക്കൻ മേഖല**<br>**2026 മാർച്ച് 15 ഞായർ** | 10.30 a.m മുതൽ<br>4.00 p.m. വരെ | **സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി, താളൂർ**<br>**കൺവീനർ – ശ്രീ. ഇ.പി. ബേബി**<br>Mob.: **9495250048** |
| **തെക്കൻ മേഖല**<br>**2026 മാർച്ച് 20 വെള്ളി** | 10.00 a.m മുതൽ<br>3.30 p.m.വരെ | **സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളി കുന്നന്താനം, തിരുവല്ല.**<br>**കൺവീനർ – ശ്രീ. ജോസ് പനച്ചക്കൽ**<br>Mob.: **9447139230** |

ക്യാമ്പ് ഫീസ് ഒരു അധ്യാപകന് 150 രൂപയായി നിശ്ചയിച്ചിരിക്കുന്നു. JSVBS കേന്ദ്രങ്ങളിൽ സീനിയർ, ജൂണിയർ, സബ്ജൂണിയർ, ബിഗിനർ എന്നീ വിഭാഗത്തിന്റെ ഹാൻഡ് ബുക്ക്, വർക്ക്ബുക്ക്, ധ്യാനസഹായി, പാട്ട്പുസ്തകം, എന്നിവ അടങ്ങുന്ന Directors Kit ആവശ്യമായ തുക നൽകി ക്യാമ്പ് അംഗങ്ങൾക്ക് ഓഫീസിൽ നിന്ന് വാങ്ങാവുന്നതാണ്. വടക്കൻ-തെക്കൻമേഖല സെന്ററുകളിൽ എത്തിച്ചുതരേണ്ട JSVBS പുസ്തകങ്ങളുടെ എണ്ണം നേരത്തെ അറിയിക്കേണ്ടതാണ്.

സംഗീതവും പാഠഭാഗങ്ങളും ധ്യാനചിന്തയും ഉൾക്കൊള്ളുന്നതാണ് JSVBS ന്റെ പഠനക്രമീകരണം. ഇതിലെന്തെങ്കിലും ഒന്നൊഴിവാക്കുകയോ ഏതെങ്കിലും ഒന്നിനു മാത്രം പ്രാധാന്യം കൊടുക്കുകയോ ചെയ്യുവാൻ ഇടയാകാതെ കരുതണം. JSVBS പാഠ്യപദ്ധതിയിലൂടെ കുഞ്ഞുങ്ങൾക്കും അധ്യാപകർക്കും പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ പ്രദാനം ചെയ്യുവാൻ നമുക്ക് പ്രാർത്ഥിക്കാം. എല്ലാവരുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ മുൻ വർഷത്തേക്കാളുപരിയായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം പുതിയ സെന്ററുകൾ ആരംഭിക്കുവാൻ ഭദ്രാസന, ഡിസ്ട്രിക്റ്റ് ഭാരവാഹികൾ ഉത്സാഹിക്കുമല്ലോ. JSVBS നടത്തപ്പെടുന്ന സൺഡേസ്കൂൾ/കേന്ദ്രങ്ങളിൽ നിന്നും രണ്ടിൽ കുറയാത്ത അധ്യാപകരെ JSVBS പരിശീലനക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർ ആയിരിക്കണം JSVBS കേന്ദ്രങ്ങളിലെ ഡയറക്ടർമാർ.

വേനൽചൂടിന്റെ ആധിക്യം മൂലം വേനൽക്കാല ക്ലാസ്സുകൾ സംബന്ധിച്ച് ബഹു.സംസ്ഥാന ഗവൺമെന്റിന്റെ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായാൽ ആയതിനനുസൃതമായി JSVBS ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. കൂടാതെ പള്ളികളിലെ പ്രതിസന്ധികളുടെ നടുവിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ ക്രമീകരിച്ചും കഴിയുന്നത്ര സെന്ററുകളിൽ മദ്ധ്യവേനൽ അവധി ആരംഭിക്കുന്ന ദിവസം തന്നെ JSVBS തുടങ്ങുന്നത് ഉചിതമായിരിക്കും. നമ്മുടെ കുഞ്ഞുങ്ങൾക്ക് ഈ വർഷത്തെ JSVBS പഠനം അനുഗ്രഹപൂർണ്ണമായിത്തീരുവാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

സ്നേഹാദരങ്ങളോടെ,

കർത്താവിൽ എളിയ ശുശ്രൂഷകർ

**പി.വി. ഏലിയാസ്**

ജനറൽ സെക്രട്ടറി **Mob : 9446138868**

**എൻ.എ. ജോസ്**

സെക്രട്ടറി **Mob : 9447232088**